# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 2641 21/06/2012-ലെ മറുപടിയ്ക്ക്

## പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ - എയ്ഡഡ് സ്വാശ്രയ മേഖലകളിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകളും, സർക്കാർ - സർക്കാരിതര സ്വാശ്രയമേഖലകളിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും കാലോചിതമായ പ്രോത്സാഹനവും നിലവിലുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായും സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് നല്കി വരുന്നു. |
| (ബി) നിലവിലുള്ള സർക്കാർ - എയ്ഡഡ് - സ്വാശ്രയ മേഖലകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഡോ.വിജയകുമാർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് ഒരു ഇൻസ്പെക്ഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൻപ്രകാരം പുതിയ കോഴ്സുകളും കോളേജുകളും തുടങ്ങുന്നതിന് യൂണിവേഴ്സിറ്റിയും എ.ഐ.സി.റ്റി.യും നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കൂടുതൽ കർശനമാക്കുകയും, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൂടെക്കൂടെയുള്ള പരിശോധനക്കും സംവിധാനമുണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ